**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2633** **06-10-2025 - ൽ മറുപടിയ്ക്ക്**

**പാറത്തോട് ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി എൽ. എ. ആർ. ആർ. (ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ്) ആക്ട് 2013 പ്രകാരമുള്ള നഷ്ടപരിഹാര തുക അടയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ പാറത്തോട് പഞ്ചായത്തിലുള്ള മിനി വ്യവസായ എസ്റ്റേറ്റ് ഭൂമി (2 ഏക്കർ) മൊത്തമായും ലീസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് "Parathode Agventure" എന്ന പേരിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാറത്തോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം (3002) താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി ബാങ്കും സംഘവും തമ്മിൽ 29.04.2025 തീയതിയിൽ ലീസ് എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റിലേക്കുള്ള പ്രവേശന പാതയ്ക്ക് വേണ്ടി കൂടുതലായി ഏറ്റെടുക്കുന്ന 10.15 ആർ ഭൂമിയുടെ നഷ്ടപരിഹാര തുക അടയ്ക്കുന്നതിന് ബാങ്കിന്റെ തീരുമാനം അറിയിച്ചിട്ടില്ല. ആയതിന്റെ നടപടികൾ പുരോഗമിക്കുന്ന മുറയ്ക്ക് ബാങ്കുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ആക്ട് 2013 (LARR Act 2013) പ്രകാരം നഷ്ടപരിഹാരത്തുക അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ